**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക സമുദായ വികസന വകുപ്പ് - 2012-13 വർഷത്തേക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം - മാനദണ്ഡങ്ങൾ - നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ). 1616/2012/പി.സ.വി.വ. തിരുവനന്തപുരം, തീയതി: 18.12.2012.

---

പരാമർശം - 1. സ.ഉ.(സാധാ) നം 555/2012/പി.സ.വി.വ തീയതി.27.03.2012

2. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 11/07/2012, 04/09/2012 എന്നീ തീയതികളിലെ BCDD/Grants/401/12 നമ്പർ കത്തുകൾ.

## ഉത്തരവ്

പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 2012-13 സാമ്പത്തിക വർഷം 23.68 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അർഹരായ വിദ്യാർത്ഥികൾക്ക് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

I **സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡം**

1. പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥിയായിരിക്കണം.
2. സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥിയായിരിക്കണം.
3. രക്ഷിതാവിന്റെ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കരുത്.
4. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 50% ൽ കുറയാത്ത സ്കോർ കരസ്ഥമാക്കിയിരിക്കണം.
5. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.
6. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പാർട്ട് 1 പൂരിപ്പിച്ച് സ്കൂൾ പ്രധാനാദ്ധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
7. വാർഷിക വരുമാനം സംബന്ധിച്ച സത്യപ്രസ്താവനയിൽ രക്ഷിതാവിന്റെ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം.
8. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9. ഒരു വിദ്യാർത്ഥിക്ക് ഒരു കാരണവശാലും ഒന്നിൽ കൂടുതൽ സ്കോളർഷിപ്പുകൾക്ക് അർഹതയില്ല.
10. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾക്കു മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
11. പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യത്തിന് അർഹരായതിനാൽ ഒ.ഇ.സി വിഭാഗത്തിലുൾപ്പെട്ടവരും, ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കപ്പെടുന്നവരായതിനാൽ ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളും ഈ സ്കോളർഷിപ്പിന് അർഹരല്ല.

.........(2)

II സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകേണ്ടതാണ്.

III അപേക്ഷ സ്വീകരിക്കുന്നതിനായി ഓൺലൈൻ ഡാറ്റാ എൻട്രിയ്ക്കായി സ്കോളർഷിപ്പ് പോർട്ടൽ C-DIT/IT Mission/ NIC മുഖേന ആരംഭിക്കേണ്ടതാണ്.

IV പ്രീ മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷാഫാറത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.

മേൽ മാനദണ്ഡം/നിർദ്ദേശം അനുസരിച്ച് പ്രീ മെട്രിക് സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന് ആവശ്യമായ എല്ലാ നടപടികളും പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനാവശ്യമായ തുക "2225-03-277-92 (P)" എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ തുക കണക്കാക്കി പ്രപ്പോസൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽ നിന്നും ഈ ആവശ്യത്തിലേക്കായി വകയിരുത്തിയിട്ടുള്ള 50% വിഹിതം യഥാസമയം അനുവദിച്ചു കിട്ടുന്നതിന് ആവശ്യമായ നടപടികൾ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**നെജിമുദ്ദീൻ. റ്റി. എസ്**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (UO (F) 90381/WW2/12/Fin dtd. 11.12.2012)
പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ